# റമദാനിൽ ഖുർആൻ തുറന്നിരിക്കട്ടെ

[Malayalam]

شهر رمضان والقرآن

[ باللغة مليالم ]


കബീർ എം. പറളി

محمد كبير سلفي



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة

الرياض المملكة العربية السعودية

islamhouse.com

1430 – 2009

بسم الله الرحمن الرحيم

ജീവിതം ഹിദായത്തിനാൽ പ്രകാശമാനമാകുന്നത് കിടയറ്റ ദൈവികാനുഗ്രഹമാണ്. നാശഗർത്തത്തിലേക്ക് നയിക്കുമാറ് മാർഗം ഇരുൾമൂടിക്കിടന്നാൽ മനുഷ്യജീവിതം ലക്ഷ്യം കാണാതെ തകർന്നു പോവുകതന്നെ ചെയ്യും. എന്നാൽ കരുണാമയനായ പ്രപഞ്ചനാഥൻ തന്റെ ദാസന്മാരെ അവ്വിധം അലക്ഷ്യമായി വിടാൻ ഉദ്ദേശിച്ചിട്ടില്ല. ഹിദായത്തിന്റെയും ദ്വലാലത്തിന്റെയും കൃത്യമായ ബോധം നൽകി മനുഷ്യനെയവൻ അനുഗ്രഹിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ അല്ലാഹുവിനാൽ നിയോഗിതരായ പ്രവാചകന്മാരാണ് ആ ബോധം മനുഷ്യർക്ക് കൈമാറിയത്. ഹിദായത്തിന്റെ പര്യവസാനം സ്വർഗവും ദ്വലാല ത്തിന്റേത് നരകവുമാണെന്ന ഏറ്റവും സുപ്രധാനമായ അറി വാണ് ദുനിയാവിൽ ജാഗ്രത്തായ ഒരു ജീവിതത്തിന് മനുഷ്യ നെ സന്നദ്ധമാക്കുന്നത്.

ഭൂമിയിലെ ജീവിതത്തിലേക്ക് ഇറക്കിവിടപ്പെട്ട ആദ്യവേളയിൽ ത്തന്നെ അല്ലാഹു മനുഷ്യനെയറിയിച്ച മർമ്മപ്രധാനമായ സംഗതി വിശുദ്ധ ഖുർആൻ എടുത്തു പറഞ്ഞത് ഇങ്ങനെ വായിക്കാം:

قُلْنَا اهْبِطُواْ مِنْهَا جَمِيعاً فَإِمَّا يَأْتِيَنَّكُم مِّنِّي هُدًى فَمَن تَبِعَ هُدَايَ فَلاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ (البقرة:٣٨)

''നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെ നിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എന്റെ പക്കൽ നിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്ന വരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല.'' (ബക്വറ: 38)

അല്ലാഹുവിൽ നിന്ന് വന്നുകിട്ടുന്ന ഹുദ അഥവാ മാർഗ ദർശനം പിൻപറ്റുന്നവർക്ക്, 'അവർ അഭിമുഖീകരിക്കാനിരിക്കുന്ന പരലോക സംഗതികളിൽ ഭയപ്പെടുകയൊ, ഇഹലോകത്ത് നഷ്ട മായ കാര്യങ്ങളിൽ ദു:ഖിക്കുകയൊ വേണ്ടിവരില്ല' എന്നാണ് ഈ ആയത്തിനെ വിശദീകരിച്ചു കൊണ്ട് ഇമാം ഇബ്നു കഥീർ(رحمه الله) എഴുതിയത്. മനുഷ്യജീവിതത്തിൽ ദൈവിക മാർഗദർശനത്തിന്റെ അനിവാര്യതയേയും, പ്രാധാന്യത്തേയും വിളിച്ചോതുന്നതാണ് നാം മേലെ വായിച്ച ക്വുർആനിക സൂക്തം.

ഏതൊരു കാര്യത്തിലും ലക്ഷ്യപ്രാപ്തി നൽകുന്നവഴി തേടാനും, അങ്ങനെയുള്ള വഴിയിലൂടെ മാത്രം സഞ്ചരിക്കാനും ഇഷ്ടപ്പെടുന്നവനാണ് മനുഷ്യൻ. അർത്ഥപൂർണ്ണമായ ജീവിത പര്യവസാനത്തിന് കൊതിക്കുന്ന ഒരാൾക്ക്, ദുനിയാവിൽ നേരാ യമാർഗത്തോടും, കഷ്ടപ്പാടില്ലാത്ത ലക്ഷ്യസ്ഥാനത്തോടും പ്രിയമുണ്ടാവുക സ്വാഭാവികമാണ്. വിശുദ്ധ ഇസ്ലാം മാത്രമാണ് മനുഷ്യന്റെ ഈ പ്രിയത്തെ സാധൂകരിച്ചു നൽകുന്നുള്ളൂ. ക്വുർആനിൽ നിന്ന് വായിക്കുക:

قَالَ اهْبِطَا مِنْهَا جَمِيعًا بَعْضُكُمْ لِبَعْضٍ عَدُوٌّ فَإِمَّا يَأْتِيَنَّكُم مِّنِّي هُدًى فَمَنِ اتَّبَعَ هُدَايَ فَلَا يَضِلُّ وَلَا يَشْقَى (طه:١٢٣)

''എന്നാൽ എന്റെ പക്കൽ നിന്നുള്ള വല്ല മാർഗദർശനവും നിങ്ങൾക്ക് വന്നുകിട്ടുന്ന പക്ഷം, അപ്പോൾ എന്റെ മാർഗ ദർശനം ആർ പിൻപറ്റുന്നുവോ അവൻ പിഴച്ച് പോകുകയില്ല. കഷ്ടപ്പെടുകയുമില്ല.'' (ത്വാഹ: 123)

'അവൻ പിഴച്ച് പോകുകയില്ല. കഷ്ടപ്പെടുകയുമില്ല' എന്ന പ്രസ്താവനയെ വിശദീകരിച്ചു കൊണ്ട് അബ്ദുല്ലാഹിബ്നു അബ്ബാസ്(ﷺ) പറഞ്ഞു: 'അഥവാ അവൻ ദുനിയാവിൽ വഴിപിഴക്കുകയൊ, പരലോകത്ത് ക്ലേശിക്കുകയൊ ഇല്ല എന്ന് താത്പര്യം.' (ഇബ്നു കഥീർ). രണ്ട് ലോകത്തും ഗുണം ഭവിക്കാൻ അല്ലാഹുവിൽ നിന്നുള്ള മാർഗദർശനം കൂടിയേ തീരൂ എന്നാണ് മേൽ സൂക്തവും നമ്മെ പഠിപ്പിക്കുന്നത്.

മനുഷ്യന്റെ മുന്നിൽ വഴി ഇരുളടയുകയും യാത്ര ദുർഘടമായിത്തീരുകയും ചെയ്യുമ്പോൾ ഹിദായത്തിന്റെ വെട്ടവുമായി പ്രവാചകന്മാർ പറഞ്ഞയക്കപ്പെട്ടിട്ടുണ്ട്. ജീവിതത്തിന്റെ മുഴുവൻ മേഖലകളിലേക്കും ഫലം ലഭ്യമാകുമാറ് അല്ലാഹുവിനെ ഭയന്നും, അവന്റെ വിധിവിലക്കുകളെ പാലിച്ചും യഥാർത്ഥ മുവഹ്ഹിദായി ജീവിക്കാൻ ആ പ്രവാചകന്മാർ കൊണ്ടു നൽകിയ ഹിദായത്ത് സ്വീകരിച്ചവർക്ക് സാധിച്ചിട്ടുമുണ്ട്. ശരിയായ വിശ്വാസവും, ആരാധനാമുറകളും, സ്വഭാവനിഷ്ഠകളും, ക്രയവിക്രയ മര്യാദകളും, രാഷ്ട്രീയ സദാചാരങ്ങളും എല്ലാ മെല്ലാം മനുഷ്യർക്ക് നേരാം വണ്ണം മനസിലാക്കാനാകുന്നതും, അനുഷ്ഠിക്കാനാകുന്നതും അല്ലാഹു കനിഞ്ഞരുളുന്ന ഹിദായത്തിലൂടെയാണെന്ന സത്യത്തിന് ചരിത്രം സാക്ഷിയാണ്.

അല്ലാഹുവിന്റെ അവസാനത്തെ ദൂതൻ മുഹമ്മദ് നബി(ﷺ) യിലൂടെ മനുഷ്യകുലത്തിന് ലഭിച്ചതും മറ്റൊന്നല്ല; സന്മാർഗത്തിന്റെ വെളിച്ചം തന്നെ. അഥവാ പരിശുദ്ധ ക്വുർആൻ! നമ്മുടെ മുമ്പിലെത്തി നിൽക്കുന്ന വിശുദ്ധ റമദാനിലാണ് ആ വെളിച്ചം അവതരിക്കാനാരംഭിച്ചത്. മുൻകഴിഞ്ഞ വേദഗ്രന്ഥങ്ങളുടെയൊക്കെ അവതരണ വേദി റമദാൻ തന്നെയായിരുന്നു വെന്ന് ഇമാം ഇബ്നു കഥീർ സൂറത്തുൽ ബക്വറയിലെ 185-ാ മത്തെ ആയത്തിന്റെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിശുദ്ധ റമദാൻ മാസത്തിന്റെ വരവേല്പിന് പ്രാർഥനാ നിരതം കാത്തിരിക്കുന്ന വിശ്വാസീ സമൂഹം പ്രാധാന്യപൂർവം ചിന്തിക്കേണ്ടത്, ഈ മാസത്തിൽ ഹിദായത്തിന്റെ ഗ്രന്ഥമായ ക്വുർആനിനെ എവ്വിധം, എത്രകണ്ട് ഉപയോഗപ്പെടുത്തണം എന്നതിനെ സംബന്ധിച്ചാകണം. നോമ്പിന്റെ സാക്ഷാൽ താത്പര്യവും അതു തന്നെയണ്. ക്വുർആൻ തന്നെ അത് വ്യക്തമാക്കുന്നത് കാണുക:

شَهْرُ رَمَضَانَ الَّذِيَ أُنزِلَ فِيهِ الْقُرْآنُ هُدًى لِّلنَّاسِ وَبَيِّنَاتٍ مِّنَ الْهُدَى وَالْفُرْقَانِ فَمَن شَهِدَ مِنكُمُ الشَّهْرَ فَلْيَصُمْهُ (البقرة:١٨٥)

''ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ. അതു കൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്.'' (ബക്വറ:185)

ഇമാം ഇബ്നു കഥീർ വ്യക്തമാക്കിയതു പോലെ, ക്വുർആനിൽ വിശ്വസിക്കുകയും, അതിനെ പിന്തുടരുകയും ചെയ്യുന്ന അടിയാറുകളുടെ ഹൃദയങ്ങൾക്ക് മാർഗദർശന മേകുന്ന, അതിനെ പഠന-മനനങ്ങൾക്ക് വിധേയമാക്കുന്നവർക്ക് വഴികേടിൽ നിന്നും സുരക്ഷ നൽകുന്ന, ഹഖും ബാത്വിലും, ഹലാലും ഹറാമും തമ്മിൽ കൃത്യമായി വ്യവച്ഛേദിച്ചു പഠിപ്പിക്കുന്ന ഒരു അനുപമ ഗ്രന്ഥമാണ് ക്വുർആൻ. മറ്റാരേക്കാളും, അതിന്റെ മഹിമയറിയേണ്ടതും, ജീവിതത്തിലുപയോഗപ്പെടുത്തേണ്ടതും മുസ്ലിമുകളായ നമ്മളാണ്. അതിനുവേണ്ടി വർഷാവർഷങ്ങളിൽ അല്ലാഹു ഏർപ്പെടുത്തിത്തന്നിട്ടുള്ള അവസരമാണ് റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനം. ക്വുർആൻ പറയുന്നത് കാണുക:

وَلِتُكَبِّرُواْ اللهَّ عَلَى مَا هَدَاكُمْ وَلَعَلَّكُمْ تَشْكُرُونَ (البقرة:١٨٥)

''നിങ്ങൾക്ക് നേർവഴി കാണിച്ചു തന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കൽപിച്ചിട്ടുള്ളത്.)'' (ബക്വറ: 185)

ഈ റമദാനിനെ ക്വുർആനിന്റെ മാസമായിക്കണ്ട്, അതുമായി കൂടുതലടുക്കാൻ വിശ്വാസികളായ നമുക്കാകണം. അതിന് മനസാ തയ്യാറാവുകയാണ് നാം ആദ്യം ചെയ്യേണ്ടത്. അല്ലാഹുവിന്റെ പ്രീതിയുദ്ദേശിച്ച് റമദാനിന്റെ പകലുകളിൽ അന്നപാനീ യങ്ങളു പക്ഷിച്ചും, വികാരവിനോദങ്ങളെ നിയന്ത്രിച്ചും വ്രതമാ ചരിക്കുന്ന നാം, മറന്നുപോകാൻ പാടില്ലാത്ത കാര്യമത്രെ ഈ മാസത്തിലെ പ്രവാചക സമ്പ്രദായം. ജീബ്‌രീ(ﷺ)ലിന്റെ മുമ്പിൽ ക്വുർആൻ പാരായണത്തിനിരുന്ന മുത്ത് റസൂൽ(ﷺ) റമദാനിൽ നോമ്പുകാരനിലുണ്ടാകേണ്ട സുപ്രധാനമായ ഒരു സുന്നത്ത് പഠിപ്പിച്ചുതരികയായിരുന്നു. പ്രവാചക സുന്നത്തിനോട് പ്രതിബദ്ധതയുള്ള നമ്മൾ ക്വുർആൻ പാരായണത്തിനും പഠനത്തിനും റമദാൻ മാസം മുഴുവൻ ഉപയോഗപ്പെടുത്തുക. എങ്കിൽ, അത് നൽകുന്ന പ്രകാശം സ്വീകരിച്ചും, അത് കാണിക്കുന്ന സമാധാനത്തിന്റെ വഴികളിലൂടെ സഞ്ചരിച്ചും നമുക്ക് ലക്ഷ്യത്തിലേക്കെത്താൻ സാധിക്കും. ക്വുർആൻ പറഞ്ഞു:

قَدْ جَاءكُم مِّنَ اللهِّ نُورٌ وَكِتَابٌ مُّبِينٌ. يَهْدِي بِهِ اللهُّ مَنِ اتَّبَعَ رِضْوَانَهُ سُبُلَ السَّلاَمِ وَيُخْرِجُهُم مِّنِ الظُّلُمَاتِ إِلَى النُّورِ بِإِذْنِهِ وَيَهْدِيهِمْ إِلَى صِرَاطٍ مُّسْتَقِيمٍ (المائدة: ١٥،١٦)

''നിങ്ങൾക്കിതാ അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരുകയും, നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു.'' (മാഇദ: 15, 16)

ഈ പവിത്ര മാസത്തിൽ ആ നേരായപാത പുൽകാനാകണം നമ്മുടെ ശ്രമം. എന്തു കൊണ്ടെന്നാൽ, ക്വുർആൻ കാണിച്ചു തരുന്ന നേരായപാത സ്വർഗത്തിലേക്കെത്തുന്നതാണ്. ശങ്കയേതുമില്ലാതെ അതിനെ സ്വീകരിക്കുന്ന പക്ഷം നമ്മുടെ ഇഹപര ജീവിതമാണ് ധന്യമായിത്തീരുക, അല്ലാഹു പറഞ്ഞു:

مَّنِ اهْتَدَى فَإِنَّمَا يَهْتَدِي لِنَفْسِهِ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا (الإسراء: ١٥)

''വല്ലവനും നേർമാർഗം സ്വീകരിക്കുന്ന പക്ഷം തന്റെ സ്വന്തം ഗുണത്തിനായി തന്നെയാണ് അവൻ നേർമാർഗം സ്വീകരിക്കുന്നത്. വല്ലവനും വഴിപിഴച്ച് പോകുന്ന പക്ഷം തനിക്ക് ദോഷത്തിനായി തന്നെയാണ് അവൻ വഴിപിഴച്ചു പോകുന്നത്.'' (ഇസ്രാഅ്: 15)

നാം വരവേൽക്കുന്ന റമദാനിന്റെ ആദ്യനാളുകളിൽ തന്നെ നമ്മുടെ മുന്നിൽ വിശുദ്ധ ക്വുർആൻ തുറന്നിരിക്കട്ടെ. അതിലൂടെ നമ്മുടെ കണ്ണും കരളും വ്യാപരിക്കട്ടെ. അങ്ങനെ, ജീവിതം മുച്ചൂടും ശുദ്ധീകരിക്കാനുതകുന്ന ഈമാനും, ഇഖ്ലാസ്വും നമ്മുടെ ഹൃദയങ്ങളിൽ പടരട്ടെ.

وصلّى الله على محمد وآله وصحبه وسلّم

********************